7
വ്യാഴം
2018 ജൂൺ
1193 എടവം 24

മക്തബ്

www.makthabdaily.com

തളിപ്പറമ്പ

ശയനപ്രദക്ഷിണത്തിന് കെ.പി. രാമനുണ്ണി എത്തി; കടലായി ക്ഷേത്രത്തിൽ സംഘർഷം

പുതിയതെരു: കത്വ സംഭവത്തിൽ പ്രതിഷേധിച്ച് പ്രശസ്ത സാഹിത്യകാരൻ കെ.പി. രാമനുണ്ണിയുടെ നേതൃത്വത്തിൽ ഒരു സംഘം കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ശയനപ്രദിക്ഷണത്തിനെത്തിയത് സംഘർഷാവസ്ഥക്കിടയാക്കി. യുവമോർച്ച പ്രവർത്തകരും ക്ഷേത്രം അധികാരികളും വിശ്വാസികളും ഉൾപ്പെട്ട സംഘവും രാമനുണ്ണിയുടെ ഒപ്പമെത്തിയ സി.പി.എം- ഡി.വൈ.എഫ്.ഐ പ്രവർത്തകരും തമ്മിൽ ക്ഷേത്രത്തിനകത്ത് പൊരിഞ്ഞ തല്ല് നടന്നു. ഡി.വൈ.എസ്.പി പി.പി. സദാനന്ദന്റെ നേതൃത്വത്തിലുള്ള പോലീസ് ഇടപെട്ടാണ് സംഘർഷം ഒഴിവാക്കിയത്.

കത്വ സംഭവത്തിൽ പ്രതിഷേധിച്ച് പ്രായശ്ചിത്തമായി കടലായി ക്ഷേത്രത്തിൽ ശയനപ്രദക്ഷിണം നടത്തുമെന്ന് രാമനുണ്ണി നേരത്തെ പത്രസമ്മേളനം നടത്തി പ്രഖ്യാപിച്ചിരുന്നു. ഇന്ന് രാവിലെ 8.55ഓടെയാണ് രാമനുണ്ണി ക്ഷേത്രത്തിലെത്തിയത്. അദേഹത്തോടൊപ്പം സി.പി.എം പ്രാദേശിക നേതാവും വാർഡ് മെമ്പറുമായ സി. മോഹനൻ, ബ്രാഞ്ച് സെക്രട്ടറി കൂടാളി രാജൻ, ഡി.വൈ.എഫ്.ഐ നേതാവ് ശ്രീരാമൻ, പഞ്ചായത്തംഗങ്ങളായ സതി, പ്രസന്ന, മുൻ പഞ്ചായത്ത് പ്രസിഡണ്ട് എ.വി. ശോഭന തുടങ്ങിയ ഒരു സംഘം ആളുകളും ഉണ്ടായിരുന്നു. ക്ഷേത്രത്തിന് പുറത്തെ ആൽമരത്തിന് സമീപം വെച്ച് തന്നെ ഒരുസംഘം രാമനുണ്ണിയെ തടയാൻ ശ്രമിച്ചു. വിശ്വാസത്തിന്റെ പേരിലാണെങ്കിൽ ക്ഷേത്ര ദർശനം നടത്താമെന്നും പ്രതിഷേധത്തിന് ക്ഷേത്രത്തെ വേദിയാക്കരുതെന്നും ഇവർ ആവശ്യപ്പെട്ടു. എന്നാൽ താൻ വിശ്വാസപൂർവ്വമാണ് ക്ഷേത്ര ദർശനം നടത്തുന്നതെന്ന് രാമനുണ്ണി പറഞ്ഞു. എന്നാൽ തങ്ങൾക്ക് എതിർപ്പില്ലെന്ന് ഇവർ വ്യക്തമാക്കി. ഇതേ തുടർന്ന് ക്ഷേത്ര കുളത്തിൽ കുളിച്ച് രാമനുണ്ണി അകത്ത് കയറി. ഉടൻ തന്നെ നിലത്ത് കിടന്ന് ശയനപ്രദക്ഷിണത്തിന് ഒരുങ്ങി. അപ്പോൾ തന്നെ ഇരുവിഭാഗങ്ങൾ തമ്മിൽ അടി തുടങ്ങിയിരുന്നു. മുന്ന് മിനിറ്റോളം പൊരിഞ്ഞ അടി നടന്നു. അതിനിടയിൽ രാമനുണ്ണി എഴുന്നേറ്റ് ക്ഷേത്രത്തിന് പുറത്തേക്ക് പോവുകയും ചെയ്തു. 200ഓളം പോലീസുകാർ സ്ഥലത്ത് ഉണ്ടായിരുന്നു. ഏറെ പണിപ്പെട്ടാണ് പോലീസ് സംഘർഷം ഒഴിവാക്കിയത്. അതിനിടയിൽ പുറത്തുപോയ രാമനുണ്ണിയെ കാൽമണിക്കൂറോളം കാണാതായത് ആശങ്കയ്ക്കിടയാക്കി. പിന്നീട് ക്ഷേത്രത്തിന് സമീപം എത്തിയ രാമനുണ്ണി താൻ നടത്തിയത് സമരമല്ലെന്നും എല്ലാ മതങ്ങളിലും ജീർണ്ണതയുണ്ടെന്നും ഹിന്ദുമതത്തിലെ ജീർണ്ണത ക്കെതിരായി പ്രതികരിക്കുക മാത്രമാണ് ചെയ്തതെന്നും വ്യക്തമാക്കി. ശയനപ്രദക്ഷിണം പൂർത്തീകരിച്ചോ എന്ന ചോദ്യത്തിന് ഭക്തന്റെ പ്രാർത്ഥനയാണ് അതെന്നും ആ നിലയിൽ പൂർത്തീകരിച്ചുവെന്നുമായിരുന്നു മറുപടി. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ തന്റെ പുസ്തകത്തിൽ ശ്രീകൃഷ്ണനെ കുറിച്ച് പരാമർശിക്കുന്നുണ്ടെന്നും അതിനാലാണ് കടലായി ക്ഷേത്രം തിരഞ്ഞെടുത്തതെന്നും അല്ലെങ്കിലും ഗുരുവായൂർ ക്ഷേത്രമാണ് മനസിലുണ്ടായതെന്നും രാമനുണ്ണി പറഞ്ഞു. തുടർന്ന് പോലീസ് സംരക്ഷണത്തിൽ അദേഹം കണ്ണൂരിലേക്ക് പോയി.

രാമനുണ്ണി ശയനപ്രദക്ഷിണത്തിന് എത്തിയതിനെ തുടർന്ന് കടലായി ക്ഷേത്രത്തിൽ ഉടലെടുത്ത സംഘർഷം

ക്ഷേത്രത്തെ സമരവേദിയാക്കി മാറ്റുന്നതിനെതിരെയാണ് തങ്ങൾ പ്രതികരിച്ചതെന്നാണ് രാമനുണ്ണിയെ തടയാൻ ശ്രമിച്ചവരുടെ വിശദീകരണം. വിശ്വാസപൂർവ്വമാണ് ക്ഷേത്ര ദർശനത്തിന് എത്തിയതെങ്കിൽ എന്തിനാണ് പത്രസമ്മേളനം നടത്തി പ്രായശ്ചിത്ത പരിപാടിയാണ് ശയനപ്രദക്ഷിണമെന്ന് പ്രഖ്യാപിച്ചതെന്ന് ഇവർ ചോദിക്കുന്നു.

രാമനുണ്ണി കടലായി ക്ഷേത്രത്തിൽ ശയനപ്രദക്ഷിണം നടത്തുന്നു

തിയേറ്റർ പീഡനം ഉടമയെ സാക്ഷിയാക്കി പോലീസ് തലയൂരുന്നു

അറസ്റ്റ് ചെയ്തത് വീഴ്ചയെന്ന് നിയമോപദേശം

തിരുവനന്തപുരം: സിനിമാപ്രദർശനത്തിനിടെ പത്ത് വയസുകാരി പീഡിപ്പിക്കപ്പെട്ട സംഭവം പുറത്തുകൊണ്ടുവന്ന തിയേറ്റർ ഉടമയെ അറസ്റ്റ് ചെയ്ത മലപ്പുറം ചങ്ങരകുളം പോലീസ് നടപടി തെറ്റെന്ന് നിയമോപദേശം. ഇതേ തുടർന്ന് തിയേറ്റർ ഉടമയ്ക്കെതിരായ കേസ് പിൻവലിച്ച അദേഹത്തെ സാക്ഷിയാക്കി തലയൂരാനുള്ള ശ്രമം പോലീസ് തുടങ്ങി.

പീഡനക്കേസിൽ പരാതി ലഭിച്ചിട്ടും ദിവസങ്ങളോളം പ്രതിയെ അറസ്റ്റ് ചെയ്യാൻ പോലീസ് തയ്യാറായിരുന്നില്ല. എടപ്പാളിലെ ശാരദ തിയേറ്റർ ഉടമയായ ഇ.സി. സതീശൻ ചൈൽഡ് ലൈൻ അധികൃതർക്ക് സി.സി.ടി.വി ക്യാമറ ദൃശ്യം അടക്കം കൈമാറിയിരുന്നു. ചൈൽഡ് ലൈൻ അധികൃതർ ഇത് പോലീസിന് കൈമാറിയിട്ടും കേസെടുക്കാതിരുന്നത് വിവാദമായിരുന്നു. ദൃശ്യമാധ്യമങ്ങളിലൂടെ ഇക്കാര്യം പുറത്തുവന്നതിനെ തുടർന്നാണ് പോലീസ് കേസെടുത്തത്. കേസെടുക്കാൻ വീഴ്ച വരുത്തിയതിന് ചങ്ങരംകുളം എസ്.ഐ കെ. ജി. ബേബിക്കെതിരെ പോക്സോ നിയമപ്രകാരം കേസെടുത്ത് അറസ്റ്റ് ചെയ്തിരുന്നു. ഇതിന് പിറകെയാണ് പീഡന ദൃശ്യങ്ങൾ പ്രചരിപ്പിച്ചുവെന്നും സംഭവം യഥാസമയം പോലീസിനെ അറിയിച്ചില്ലെന്നും ആരോപിച്ച് തിയേറ്റർ ഉടമയെ അറസ്റ്റ് ചെയ്തത്. ഇത് വൻ വിവാദമാവുകയും പോലീസ് പ്രതികാര നടപടി സ്വീകരിക്കുകയാണെന്ന ആരോപണം ഉയരുകയും ചെയ്തു. ഇതേ തുടർന്നാണ് ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ മഞ്ചേരി ശ്രീധരൻ നായരിൽ നിന്ന് നിയമോപദേശം തേടിയത്. തിയേറ്റർ ഉടമയെ കേസിൽ പ്രതിയാക്കിയത് നിയമത്തിന് വിരുദ്ധമാണെന്ന് ശ്രീധരൻ നായർ നൽകിയ നിയമോപദേശത്തിൽ പറയുന്നു. ഇങ്ങനെ കേസെടുത്താൽ കുറ്റകൃത്യങ്ങൾ പോലീസിനെ അറിയിക്കാൻ ജനങ്ങൾ മടിക്കുകയും കേസിൽ സാക്ഷി പറയാൻ വിസമ്മതിക്കുകയും ചെയ്യുമെന്ന് അദേഹം വ്യക്തമാക്കി. ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിക്ക് ലഭിച്ച റിപ്പോർട്ട് ഇന്നലെ രാത്രി തന്നെ റിപ്പോർട്ട് തൃശൂർ ഐ.ജി എം. ആർ. അജിത്ത് കുമാറിന് കൈമാറി. ഇതേ തുടർന്നാണ് സതീശനെതിരായ കേസ് പിൻവലിച്ച് അദേഹത്തെ മുഖ്യസാക്ഷിയാക്കാൻ ചങ്ങരംകുളം പോലീസിന് നിർദ്ദേശം നൽകിയത്.

മയക്ക് ഗുളികകളുമായി മൂന്ന് യുവാക്കൾ അറസ്റ്റിൽ

ശ്രീകണ്ഠപുരം: മാരക പാർശ്വഫലങ്ങൾ ഉളവാക്കുന്ന മയക്ക് ഗുളികകളുമായി മൂന്ന് യുവാക്കളെ ശ്രീകണ്ഠപുരത്ത് എക്സൈസ് സംഘം പിടികൂടി. കുത്തുപറമ്പ് കോട്ടയം പൊയിൽ സ്വദേശികളായ പി.എ. ഹൗസിൽ അഷ്ക്കർ (22), നൂർമഹലിൽ ഷഫ്നാസ് (22), തലശേരി ടെമ്പിൾ ഗെയിറ്റ് ശ്രേയസിൽ വൈഷ്ണവ് സുന്ദീഷ് (23) എന്നിവരെയാണ് ശ്രീകണ്ഠപുരം എക്സൈസ് ഇൻസ്പെക്ടർ പി.പി. ജനാർദനനും സംഘവും അറസ്റ്റ് ചെയ്തത്. ഇന്നലെ വൈകുന്നേരം ശ്രീകണ്ഠപുരം മേഖലയിലെ ചിലർക്ക് മയക്ക് ഗുളികകൾ വിൽക്കാനെത്തിയപ്പോഴാണ് ഇവർ പിടിയിലായത്. തലശേരി മേഖലയിലെ പച്ചക്കറി കടകളിലെ ജീവനക്കാരാണ് പിടിയിലായവർ.

27ഗ്രാം ട്രമോഡൻ ഹൈഡ്രോക്ലോറൈഡ് എന്ന ഗുളികയാണ് ഇവരിൽ നിന്ന് പിടിച്ചെടുത്തത്. ഡോക്ടർമാരുടെ നിർദേശപ്രകാരം മാത്രം വിൽപ്പന നടത്താൻ അനുവാദമുള്ളതാണ് ഈ ഗുളികകൾ. ഇവ കർണ്ണാടകയിലെ മെഡിക്കൽ ഷോപ്പുകളിൽ നിന്നും കൂടിയ വിലക്ക് യാതൊരു മാനദണ്ഡവുമില്ലാതെ യഥേഷ്ടം വിറ്റഴിക്കുന്നതായി സൂചനയുണ്ട്. അവിടെ നിന്നാണ് ഇവ മയക്കുമരുന്ന് എന്ന നിലയിൽ കേരളത്തിലേക്ക് വിൽപ്പനക്ക് കൊണ്ടുവരുന്നത്. ഉപയോഗിച്ചുകഴിഞ്ഞാൽ ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ലഹരി നൽകുമെന്നതാണ് ഗുളികയുടെ പ്രത്യേകത. മറ്റ് ലഹരി മരുന്നുകളെ അപേക്ഷിച്ച് വിലക്കുറവുള്ളതും സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്നതും വിദ്യാർത്ഥികളെയും യുവാക്കളെയും ഇവയുടെ ഉപയോഗത്തിലേക്ക് നയിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ ഗുളിക നിയമവിരുദ്ധമായി കൈവശം വെക്കുന്നതും ഉപയോഗിക്കുന്നതും പത്ത് വർഷം തടവ് ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. പ്രിവന്റീവ് ഓഫീസർ പി.ടി. യേശുദാസ്, സിവിൽ എക്സൈസ് ഓഫീസർമാരായ ഉല്ലാസ് ജോസ്, പി. ഷിബു, വിനോദ്, ഡ്രൈവർ കേശവൻ എന്നിവരും മയക്കുമരുന്ന് സംഘത്തെ പിടികൂടിയവരിൽ ഉൾപ്പെടും.

മയക്ക് ഗുളികളുമായി പിടിയിലായ അഷ്കർ, ഷഫ്നാസ്, വൈഷ്വ്

കവർച്ച ചെയ്ത സ്വർണ്ണം പണയപ്പെടുത്തി നാല് ലക്ഷം തട്ടി: കുപ്രസിദ്ധ മോഷ്ടാവിനെതിരെ കേസ്

ആലക്കോട്: കവർച്ച ചെയ്ത സ്വർണ്ണം സ്വകാര്യ ധനകാര്യ സ്ഥാപനത്തിൽ പണയപ്പെടുത്തി നാല് ലക്ഷത്തിലധികം രൂപ തട്ടിയെടുത്തതിന് കുപ്രസിദ്ധ മോഷ്ടാവിനെതിരെ പോലീസ് കേസെടുത്തു. കൊച്ചു കുട്ടാപറമ്പിലെ കല്ലുപറമ്പിൽ മുഹമ്മദി(38)നെതിരെയാണ് ആലക്കോട് പോലീസ് കേസെടുത്തത്. മണപ്പുറം ഫൈനാൻസിന്റെ കണ്ണൂർ ഏരിയാ മാനേജർ ജോൺസൺ മാത്യുവിന്റെ പരാതിയിലാണ് കേസ്. 27.7.2017 മുതൽ 9.8.17 വരെ പലതവണയായി മണപ്പുറം ഫൈനാൻസിന്റെ ആലക്കോട് ബ്രാഞ്ചിൽ സ്വർണ്ണാഭരണങ്ങൾ പണയപ്പെടുത്തി പണം തട്ടിയെടുത്തുവെന്നാണ് പരാതി. കോഴിക്കോട് ജില്ലയിലെ കുന്നമംഗലം, ചോവായൂർ, മുക്കം മേഖലകളിൽ വീടുകളിൽ നിന്ന് കവർച്ച ചെയ്ത സ്വർണ്ണാഭരണമാണ് മുഹമ്മദ് മണപ്പുറം ഫൈനാൻസിൽ പണയപ്പെടുത്തിയത്. കവർച്ചക്കിടെ കുന്നമംഗലം പോലീസാണ് കഴിഞ്ഞ മെയ് മാസത്തിൽ മുഹമ്മദിനെ അറസ്റ്റ് ചെയ്തത്. അന്വേഷണത്തിന്റെ ഭാഗമായി മുഹമ്മദിനെ ആലക്കോടെത്തിച്ച് മണപ്പുറം ഫൈനാൻസിൽ നിന്ന് പോലീസ് സ്വർണ്ണാഭരണങ്ങൾ കണ്ടെടുത്തിരുന്നു. കവർച്ചയിലൂടെ കോടീശ്വരനായി മാറിയ മുഹമ്മദ് ഒരു വർഷത്തോളമായി വിവിധ പോലീസ് സ്റ്റേഷനുകളിലെ കേസുകളുമായി ബന്ധപ്പെട്ട് റിമാന്റിൽ കഴിയുകയാണ്.

സ്കൂട്ടർ യാത്രക്കാരൻ ബസിടിച്ച് മരിച്ചു

കാഞ്ഞങ്ങാട്: ഉദുമ ടൗണിൽ കെ.എസ്.ടി.പി റോഡിൽ കെ.എസ്.ആർ.ടി.സി ബസിടിച്ച് സ്കൂട്ടർ യാത്രക്കാരൻ തൽക്ഷണം മരണമടഞ്ഞു. മേൽപ്പറമ്പ് നടക്കാൽ കുന്നരുവിലെ പരേതനായ നാരായണന്റെ മകൻ നവീൻകുമാർ (27) ആണ് മരിച്ചത്. ഇന്ന് രാവിലെ ഒമ്പത് മണിയോടെയാണ് അപകടം. ഉദുമ കാപ്പിലെ താജ് ഹോട്ടൽ ജീവനക്കാരനാണ് നവീൻകുമാർ. ജോലി സ്ഥലത്തേക്ക് സ്കൂട്ടർ ഓടിച്ചുപോവുകയായിരുന്നു. കൊട്ടാരക്കര-കൊല്ലൂർ മൂകാംബിക റൂട്ടിലോടുന്ന കെ.എസ്.ആർ.ടി.സി സ്കാനിയ ബസാണ് ഇടിച്ചത്. അമ്മ വിമലകുമാരി. ഇവരുടെ ഏകമകനാണ് നവീൻകുമാർ.

തലയിടിച്ച് വീണ് വിദ്യാർത്ഥി മരിച്ചു

പാനൂർ: പള്ളിയിൽ നിസ്കാരം കഴിഞ്ഞ് മടങ്ങുകയായിരുന്ന വിദ്യാർത്ഥി കാൽതെന്നി വീണ് റോഡിൽ തലയിടിച്ച് മരിച്ചു. ഏലാങ്കോട് യത്തീംഖാനയിലെ വിദ്യാർത്ഥിയും ഉളിയിൽ നരിയൻപാറ കെ.വി. ഹൗസിൽ റഷീദിന്റെ മകനുമായ അഫ്നീദ് (15)ആണ് മരിച്ചത്. ഇന്നലെ രാത്രി 10.30ഓടെയാണ് സംഭവം. അടുത്തുള്ള പള്ളിയിൽ നിന്നും തറാവീഹ് നിസ്കാരം കഴിഞ്ഞ് സുഹൃത്തുക്കളോടൊപ്പം യത്തീംഖാനയിലേക്ക് മടങ്ങവെ കാൽ വഴുതി റോഡിൽ വീഴുകയായിരുന്നു. ഉടൻ തലശേരി ഇന്ദിരാജി സഹകരണ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. മാതാവ് സാജിദ. സഹോദരങ്ങൾ: സജ്ജാദ്, അംജദ്, റഹ്ദ്.

Bright for Better Future
ബ്രൈറ്റ് കോളേജ്
ഹൈവേ പള്ളിക്ക് എതിർവശം, ന്യൂ ബസാർ, തളിപ്പറമ്പ
Ph: 9446 262 698, 9400 446813, 8301962329
കോഴ്സുകൾ B.Com, BA, +1,+2
പ്രീ പ്രൈമറി & മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിംഗ്
ഗവ. അംഗീകൃതം
TUITION FOR ALL CLASSES
14 തികഞ്ഞ ആർക്കും SSLC
(5 വിഷയങ്ങൾ മാത്രം)
6 മാസം കൊണ്ട് +2
(മലയാളത്തിലും എഴുതാം)
അഡ്മിഷൻ തുടരുന്നു
ഈ വർഷം പ്ലസ്ടു തോറ്റവർക്ക് 3 വിഷയങ്ങൾ മാത്രം പഠിച്ച് +2 പാസ്സാകാം